പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 910 — 12-12-2012-ൽ മറുപടിക്ക്

## ചേരാനല്ലൂരിലെ കടിവെള്ള ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകപ്പ് മന്ത്രി) |
| (എ) എറണാകുളം നിയോജക മണ്ഡലത്തിലെ ചേരാനല്ലൂരിൽ കടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ചേരാനല്ലൂർ നിവാസികൾക്ക് ശുദ്ധജലം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്; | (ബി) ചേരാനല്ലൂർ പഞ്ചായത്തിലെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി അതിർത്തിയായ വാടത്തോട്ട മുതൽ 2500 മീറ്റർ നീളത്തിൽ 315 എം.എം.എച്ച്.ഡി.പി.ഇ.പൈപ്പ് ഉപയോഗിച്ച് ഫീഡർ ലൈനും ബൂസ്റ്റർ പമ്പും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഫീഡർ ലൈനിന്റെ ടെണ്ടർ വിളിച്ച് അനന്തരനടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) ചേരാനല്ലൂരിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി ഏതെങ്കിലും കടിവെള്ള പദ്ധതി പരിഗണനയിലുണ്ടോ; | (സി) മേല്പറഞ്ഞ പദ്ധതി കൂടാതെ ജിക്കയുടെ സാമ്പത്തിക സഹായത്തോടെ കൊച്ചിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ചേരാനല്ലൂരിനെ ഉൾ ക്കൊള്ളിച്ചിട്ടുണ്ട്. |

(ഡി) എങ്കിൽ നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ വിളിച്ച് അനന്തരനടപടികൾ പുരോഗമിക്കുന്നു. ജിക്ക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി കേന്ദ്രഗവൺമെൺടിന്റെ പരിഗണനയ്ക്കും അനുമതിയ്ക്കുമായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ